**Circular**
**മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
**No. 09/ 2026**

## സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ രാജ്യമായ ഭാരതം 2026 ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യത്തിന്റെ 79-ാം വർഷികം ആഘോഷിക്കുകയാണ്. അതോടൊപ്പം സഭ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നു. രാജ്യത്തോടുള്ള കൃതജ്ഞതയും ദൈവമാതാവിനോടുള്ള ഭക്തിയും ഒരുമിച്ച് പ്രകടിപ്പിക്കുന്ന ഈ പുണ്യദിനത്തിൽ എവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വന്തം ജീവൻപോലും ബലിയർപ്പിച്ച സ്വാതന്ത്ര്യ സമരസേനാനികളുടെ ത്യാഗങ്ങളെ നന്ദിയോടെ സ്മരിക്കാം. രാജ്യത്തെ നയിക്കുന്ന ഭരണാധികാരികളെയും ജനപ്രതിനിധികളേയും അതിർത്തിയിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുമായി രാവു പകലും ജാഗരൂകരായി സേവനം ചെയ്യുന്ന നമ്മുടെ ധീര സായുധസേനാംഗകളെയും സുരക്ഷസേനകളേയും പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാം. കഴിഞ്ഞ 79 വർഷങ്ങളായി ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായി ഇന്ത്യ അതിന്റെ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു എന്നത് നമ്മുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. ശാസ്ത്ര സാങ്കേതിക വിദ്യ, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, വ്യവസായം, ബഹിരാകാശ ഗവേഷണം, സാമ്പത്തിക വളർച്ച തുടങ്ങി വിവിധ മേഖലകളിൽ നമ്മുടെ രാജ്യം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

എന്നിരുന്നലും വികസനത്തിന്റെ ഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്കളിലേക്കും ഒരുപോലെ എത്തിച്ചേരേണ്ടത് ഇന്നും നമ്മുടെ മുന്നിലുള്ള വെല്ലുവിളിയാണ്. ദാരിദ്യം, തൊഴിലില്ലായ്മ, അസമത്വം, പട്ടിണി, സാമൂഹിക അനീതി തുടങ്ങിയ പ്രശ്നങ്ങൾ ഇപ്പോഴും പലരുടെയും ജീവിതത്തെ ബാധിക്കുന്നു. സാമ്പത്തിക വളർച്ചയ്ക്കൊപ്പം

മനുഷ്യകേന്ദ്രീകൃതമായ വികാസവും സാമൂഹിക നീതിയും ഉറപ്പാക്കാൻ നാം എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതുണ്ട്.

ക്രൈസ്തവ സമൂഹം വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സേവനം, മനുഷ്യസ്നേഹം എന്നി മേഖലകളിലൂടെ രാജ്യനിർമ്മിതിയിൽ നൽകിയ വിലപ്പെട്ട സംഭാവനകൾ അഭിമാനകരമാണ്. ആ മഹത്തായ പാരമ്പര്യം നാം തുടരുകയും നമ്മുടെ മാതൃകാപരമായ ജീവിതവും ആത്മാർത്ഥമായ അധ്വാനവും വഴി രാജ്യത്തിന്റെ വളർച്ചയ്ക്ക് കൂടുകൽ ശക്തിപകരുകയും ചെയ്യട്ടെ. പരസ്പര ബഹുമാനവും സ്നേഹവും നീതിയും സമാധാനവും വളർത്തിയെടുക്കുന്ന സമൂഹനിർമ്മാണത്തിനായി നമുക്ക് കൈകോർക്കാം.

സ്ത്രീകളിൽ അനുഗ്രഹീതയായ മറിയത്തിന്റെ സ്വർഗ്ഗാരോപണം സഭ വലിയ ആഘോഷത്തോടെ ആഗസ്റ്റ് മാസം 15 തിയ്യതി നടത്തുന്നു. പരിശുദ്ധാത്മാവിന്റെ ആവാസത്താൽ സ്വർഗ്ഗത്തിന്റെ ഉടമസ്ഥന്റെ സിംഹാസനമായിത്തീർന്ന മറിയത്തിന്റെ നിർമ്മലവും അനുഗ്രഹീതവുമായ ശരീരം അവളുടെ ഇഹലോക ജീവിതത്തിന്റെ അന്ത്യത്തിൽ അഴിവില്ലാത്ത സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്ന വലിയ രഹസ്യമാണ് ഈ തിരുനാളിൽ നാം ഓർക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്.

മറിയത്തിന്റെ ജീവിതാന്ത്യവും സ്വർഗ്ഗത്തിലേക്കുള്ള കടന്നുപോകലും, ‘‘നീതിനിഷ്ഠരുടെ മരണം കർത്താവിന്റെ മുൻപിൽ വിലയേറിയതാകുന്നു’’ (സങ്കീർത്തനം 115:5), ‘‘അങ്ങയുടെ പരിശുദ്ധനെ ജീർണ്ണിക്കാൻ അനുവദിച്ചില്ല’’ (സങ്കീർത്തനം 16:10) എന്നി സങ്കീർത്തന വചനങ്ങൾ അന്വർത്ഥമാക്കുന്നതാണ്. സ്വർഗ്ഗം എന്ന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് സ്വർഗ്ഗാരോപണ തിരുനാൾ. നശ്വരമായത് അനശ്വരത കൈവരിക്കും എന്നുള്ള ചിന്ത ഈ തിരുനാൾ നമുക്ക് നൽകുന്നു. ദൈവവചനത്തിനു വിധേയപ്പെട്ട് ദൈവഹിതപ്രകാരം ജീവിച്ചു എന്നുള്ളതാണ് മറിയത്തിന്റെ മഹിമ.

നീതിപൂർവ്വകമായ ജീവിതം വഴി നമുക്ക് സ്വർഗ്ഗം പ്രാപ്യമാകും എന്ന ഉന്നതമായ പ്രത്യാശ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിലൂടെ

നമുക്ക് ലഭിക്കുന്നു. മറിയത്തിന്റെ സ്വർഗ്ഗാരോപണം, ദൈവത്തോട് വിശ്വസ്തരായി ജീവിക്കുകയും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കായി ജീവിതം സമർപ്പിക്കുകയും ചെയ്യുന്നവർക്ക് ദൈവം ഒരുക്കിയിരിക്കുന്ന നിത്യജീവന്റെ മഹത്വത്തിന്റെ ഉറപ്പാണ്. അതിനാൽ, മറിയത്തിന്റെ ജീവിതം മാതൃകയാക്കി ദൈവസ്നേഹത്തിലും വിശുദ്ധിയിലും സഹോദരസ്നേഹത്തിലും ഉറച്ചുനിന്ന്, നിത്യജീവിതത്തിന്റെ പ്രത്യാശയോടെ മുന്നേറാൻ നമുക്കെല്ലാവർക്കും ഈ തിരുനാൾ പ്രചോദനമാകട്ടെ.

എല്ലാവർക്കും ഒരിക്കൽകൂടി സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. ''നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെ നിന്ന് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു'' (ഫിലി. 3:20) എന്ന വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വാത്സല്യപൂർവം നമ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹയുടെയും സംരക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ടും ✝ പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
30.07.2026

**✝ മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** : ഈ സർക്കുലർ 9.08.2026ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.